**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6670**

**12.07.2012 ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിലെ 'റിസ്ക് ഫണ്ട്'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശം നൽകുമോ; ഇത് പ്രകാരം എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്? | വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളുന്നതു മുഖേന വായ്പക്കാരുടെ അനന്തരാവകാശികൾക്ക് ആശ്വാസം നൽകുക എന്നതാണ് റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം വായ്പാ കാലാവധിക്കുശേഷം മരണപ്പെട്ടവർക്കും ലഭ്യമാക്കിയിട്ടുണ്ട്. വായ്പ എടുത്ത ശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ ബാധിച്ചവരുടെ വായ്പയിലെ മുതൽ ഇനത്തിലുള്ള 75,000/- രൂപയും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും എഴുതിത്തള്ളുന്നതാണ്. ഇപ്രകാരം മാരകരോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുക എന്നതും 'റിസ്ക് ഫണ്ട്' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തിൽപ്പെടുന്നു. |

സെക്ഷൻ ഓഫീസർ